REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 18-07-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ബിഹാർ സന്ദർശനം ആരംഭിച്ചു. 7,200 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും.**
- **കൊല്ലത്ത് വിദ്യാർത്ഥി ഷോക്കേറ്റു മരിച്ച സംഭവത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതായി മന്ത്രി V.ശിവൻകുട്ടി**
- **സംസ്ഥാനത്ത് നിപ ഐസൊലേഷനിലായിരുന്ന 84 പേരെ സമ്പർക്കപ്പട്ടികയിൽ നിന്ന് ഒഴിവാക്കി.**
- **നിയുക്ത രാജ്യസഭാ MP C സദാനന്ദൻ മാസ്റ്റർക്ക് തിരുവനന്തപുരത്ത് ഊഷ്മള സ്വീകരണം.**
- **ഉമ്മൻചാണ്ടി സ്മൃതി സംഗമം പുതുപ്പള്ളിയിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉദ്ഘാടനം ചെയ്തു.**
- **സംസ്ഥാനത്ത് ഇന്നും അതിശക്ത മഴയ്ക്ക് സാധ്യത.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ബിഹാർ സന്ദർശനം ആരംഭിച്ചു. ബിഹാറിൽ കിഴക്കൻ ചമ്പാരൻ ജില്ലയിലെ മോത്തിഹാരിയിൽ അദ്ദേഹത്തിന് ഊഷ്മളമായ സ്വീകരണം നൽകി. 7,200 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി മോത്തിഹാരയിൽ തുടക്കമിടും.

പൂർത്തിയായ പദ്ധതികൾ നാടിന് സമർപ്പിക്കുന്ന പ്രധാനമന്ത്രി, പുതിയ നിരവധി പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. ബിഹാറിലെ പ്രധാന നഗരങ്ങളെ മറ്റു നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന നാല് അമൃത് ഭാരത്

ട്രെയിനുകളും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. മോത്തിഹാരി ഗാന്ധി മൈതാനത്തെ പൊതുയോഗത്തെ നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

തുടർന്ന് അദ്ദേഹം പശ്ചിമബംഗാൾ സന്ദർശനത്തിന് യാത്ര തിരിക്കും. പശ്ചിമ ബർദ്വാൻ ജില്ലയിലെ ദുർഗാപൂരിൽ 5,000 കോടി രൂപയുടെ വികസന പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. റെയിൽ, റോഡ്, IT, മത്സ്യമേഖല എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഇരു സംസ്ഥാനത്തും പ്രധാനമന്ത്രി നാടിന് സമർപ്പിക്കുന്നത്.

✪✪✪

വിദ്യാർത്ഥി ഷോക്കേറ്റു മരിച്ച കൊല്ലം തേവലക്കര ബോയ്സ് ഹൈസ്ക്കൂളിലുണ്ടായ സംഭവത്തെപ്പറ്റി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയതായി മന്ത്രി V.ശിവൻകുട്ടി അറിയിച്ചു. സ്കൂളിലെ പ്രധാനാധ്യാപികയെ അടിയന്തരമായി സസ്പെൻഡ് ചെയ്യണമെന്ന് റിപ്പോർട്ടിൽ ആവശ്യപ്പെട്ടതായി അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

സംഭവത്തിൽ നടപടിയെടുക്കാതിരിക്കാൻ മാനേജ്മെന്റിന് നോട്ടീസയക്കും. മൂന്ന് ദിവസത്തിനകം ഇതിന് രേഖാമൂലം മറുപടി നൽകണം. സ്കൗട്സ് ആന്റ് ഗൈഡ്സിന്റെ സഹായത്തോടെ മിഥുന്റെ കുടുംബത്തിന് മികച്ച വീട് നിർമ്മിച്ചു നൽകും. മിഥുന്റെ അനിയന് പന്ത്രണ്ടാം ക്ലാസ് വരെ പരീക്ഷാഫീസടക്കം ഒഴിവാക്കി വിദ്യാഭ്യാസ ചെലവ് നൽകുമെന്നും മന്ത്രി പറഞ്ഞു. കുട്ടിയുടെ കുടുംബത്തിന് സഹായധനം നൽകുന്ന കാര്യം മാനേജ്മെന്റ് ഗൗരവത്തോടെ പരിഗണിക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്. ഇതടക്കം 11 നിർദ്ദേശങ്ങൾ റിപ്പോർട്ടിലുണ്ടെന്ന് മന്ത്രി പറഞ്ഞു.

✪✪✪

വിദ്യാർത്ഥി ഷോക്കേറ്റു മരിച്ച കൊല്ലം തേവലക്കര ബോയ്സ് ഹൈസ്ക്കൂളിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർമാൻ KV മനോജ്കുമാർ നേരിട്ടെത്തി അന്വേഷണം നടത്തി. ഇന്നലെ കമ്മീഷൻ സംഭവത്തിൽ സ്വമേധയാ കേസെടുക്കുകയായിരുന്നു.

✪✪✪

സംസ്ഥാനത്ത് നിപ ഐസൊലേഷനിലായിരുന്ന 84 പേരെ സമ്പർക്കപ്പട്ടികയിൽ നിന്ന് ഒഴിവാക്കി. ഐസൊലേഷൻ കാലാവധി അവസാനിച്ചതിനെ തുടർന്നാണ് നടപടി. സംസ്ഥാനത്ത് ഇപ്പോൾ 674 പേരാണ് പട്ടികയിൽ ശേഷിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു.

പാലക്കാട് ജില്ലയിൽ 426 പേരും, മലപ്പുറത്ത് 131 പേരും കോഴിക്കോട് 115 പേരും, എറണാകുളം, തൃശൂർ ജില്ലകളിൽ ഓരോരുത്തരുമാണ്

സമ്പർക്കപ്പട്ടികയിൽ. മലപ്പുറത്ത് 12 പേർ ഐസൊലേഷനിൽ ചികിത്സയിലാണ്.

✪✪✪

കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ ഉച്ചകഴിഞ്ഞ് നിലമ്പൂർ അമൽ കോളജിലെ വനിതാഹോസ്റ്റൽ ഉദ്ഘാടനം ചെയ്യും. തുടർന്ന് കോളജിലെ നൈപുണ്യ വികസന കേന്ദ്രം അദ്ദേഹം സന്ദർശിയ്ക്കും. പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പരിപാടി അതിനുശേഷം ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

✪✪✪

നിയുക്ത രാജ്യസഭാ MP C സദാനന്ദൻ മാസ്റ്റർക്ക് തിരുവനന്തപുരം വിമാനത്താവളത്തിൽ BJP പ്രവർത്തകർ സ്വീകരണം നൽകി. തിരുവനന്തപുരത്തെത്തിയ അദ്ദേഹത്തെ BJP നേതാക്കളായ കുമ്മനം രാജാശേഖരൻ, കരമന ജയൻ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

BJP സംസ്ഥാന ഭാരവാഹി യോഗത്തിൽ അദ്ദേഹം പങ്കെടുക്കുന്നുണ്ട്. നിയുക്ത MP യ്ക്ക് ഭാരവാഹി യോഗത്തിൽ സ്വീകരണം നൽകി. പുതിയ സംസ്ഥാന ഭാരവാഹികളുടെ ആദ്യ യോഗം കൂടിയാണിത്.

പ്രസ്ഥാനത്തിന്റെ കരുത്ത് പ്രവർത്തകരിലേക്ക് വ്യാപിപ്പിക്കാൻ നിയോഗിക്കപ്പെട്ട അനേകായിരം കാര്യകർത്താക്കളാണ് തന്റെ ശക്തിയെന്ന് സദാനന്ദൻ മാസ്റ്റർ പറഞ്ഞു. വികസിത ഭാരതം എന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തിനൊപ്പം കേരളവും വളരേണ്ടത് ആവശ്യമാണെന്നും, അതിനുവേണ്ടതെല്ലാം ചെയ്യുമെന്നും സദാനന്ദൻ മാസ്റ്റർ ഉറപ്പു നൽകി.

✪✪✪

നിയുക്ത രാജ്യസഭാ MP C സദാനന്ദൻ മാസ്റ്റർക്ക് തിരുവനന്തപുരം വിമാനത്താവളത്തിൽ BJP പ്രവർത്തകർ സ്വീകരണം നൽകി. തിരുവനന്തപുരത്തെത്തിയ അദ്ദേഹത്തെ BJP നേതാക്കളായ കുമ്മനം രാജാശേഖരൻ, കരമന ജയൻ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

BJP സംസ്ഥാന ഭാരവാഹി യോഗത്തിൽ അദ്ദേഹം പങ്കെടുക്കുന്നുണ്ട്. നിയുക്ത MP യ്ക്ക് ഭാരവാഹി യോഗത്തിൽ സ്വീകരണം നൽകി. പുതിയ സംസ്ഥാന ഭാരവാഹികളുടെ ആദ്യ യോഗം കൂടിയാണിത്.

പ്രസ്ഥാനത്തിന്റെ കരുത്ത് പ്രവർത്തകരിലേക്ക് വ്യാപിപ്പിക്കാൻ നിയോഗിക്കപ്പെട്ട അനേകായിരം കാര്യകർത്താക്കളാണ് തന്റെ ശക്തിയെന്ന് സദാനന്ദൻ മാസ്റ്റർ പറഞ്ഞു. വികസിത ഭാരതം എന്ന പ്രധാനമന്ത്രിയുടെ

ലക്ഷ്യത്തിനൊപ്പം കേരളവും വളരേണ്ടത് ആവശ്യമാണെന്നും, അതിനുവേണ്ടതെല്ലാം ചെയ്യുമെന്നും സദാനന്ദൻ മാസ്റ്റർ ഉറപ്പു നൽകി.

✪✪✪

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ രണ്ടാം ചരമവാർഷികത്തോട് അനുബന്ധിച്ച് KPCC സംഘടിപ്പിച്ച ഉമ്മൻചാണ്ടി സ്മൃതി സംഗമം ലോകസഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പുതുപ്പള്ളിയിൽ ഉദ്ഘാടനം ചെയ്തു. ഉമ്മൻചാണ്ടി ഫൗണ്ടേഷൻ നിർമ്മിച്ച 12 വീടുകളുടെ താക്കോൽ ദാനവും KPCC യുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഇതോടൊപ്പം അദ്ദേഹം നിർവഹിച്ചു.

രാവിലെ പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിലെ ഉമ്മൻചാണ്ടിയുടെ കബറിടത്തിൽ രാഹുൽ ഗാന്ധി പുഷ്പാർച്ചന നടത്തിയ ശേഷമാണ് സ്മൃതി സംഗമം ഉദ്ഘാടനം ചെയ്തത്.

തുടർന്ന് തിരുവനന്തപുരത്ത് മുതിർന്ന കോൺഗ്രസ് നേതാവ് A.K ആന്റണിയെ അദ്ദേഹം സന്ദർശിക്കും. അതിന് ശേഷം രാഹുൽ ഗാന്ധി ഡൽഹിയിലേക്ക് മടങ്ങും.

പുതുപ്പള്ളിയിലെ സംസ്ഥാനതല ഉമ്മൻചാണ്ടി അനുസ്മരണത്തിന് പുറമെ DCC കളുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കും. മണ്ഡലം കോൺഗ്രസ് കമ്മിറ്റികൾ സംസ്ഥാന വ്യാപകമായി കാരുണ്യ സേവന പ്രവർത്തനങ്ങളും നടത്തും.

✪✪✪

കോഴിക്കോട് DCC ഓഫീസിൽ ഉമ്മൻ ചാണ്ടി അനുസ്മരണവും പുഷ്പാർച്ചനയും നടത്തി. ഡോ MP അബ്ദു സമദ് സമദാനി MP ഉദ്ഘാടനം ചെയ്തു.

✪✪✪

ഇന്ത്യൻ സൈന്യത്തിന്റെ ആകാശ് വെപ്പൺ സംവിധാനത്തിന്റെ പരിഷ്ക്കരിച്ച രൂപം ' ആകാശ് പ്രൈം' വിജയകരമായി പരീക്ഷിച്ചു. ഉയരത്തിൽ പറക്കുകയായിരുന്ന രണ്ട് അതിവേഗ ലക്ഷ്യങ്ങളെ കൃത്യമായി നശിപ്പിക്കാൻ സംവിധാനത്തിന് കഴിഞ്ഞതായി സൈനിക കേന്ദ്രങ്ങൾ അറിയിച്ചു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സംവിധാനത്തിന്റെ വിജയം സൈനികശേഷിയിലെ നാഴികക്കല്ലാണെന്ന് വിശേഷിപ്പിക്കുന്നു.

✪✪✪

പാകിസ്ഥാൻ ഭീകരസംഘടന ലഷ്കർ ഇ ത്വയ്ബയുടെ നിഴൽ സംഘടനയായ ദ റെസിസ്റ്റന്റ്സ് ഫ്രണ്ടിനെ ആഗോള ഭീകര സംഘടനയായി പ്രഖ്യാപിച്ച അമേരിക്കയുടെ തീരുമാനത്തെ ഇന്ത്യ സ്വാഗതം ചെയ്തു. TRF ജമ്മുകശ്മീരിലെ പഹൽഗാമിലടക്കം സാധാരണക്കാർക്കെതിരെ ഹീനമായ ആക്രമണം നടത്തിയ സംഘടനയാണെന്നും നടപടിയിൽ ഇന്ത്യ സംതൃപ്തരാണെന്നും കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ US സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിനെയും സെക്രട്ടറി മാർക്കോ റൂബിയോയെയും അറിയിച്ചു.

ഇന്ത്യ- US ഭീകരവിരുദ്ധ സഹകരണം ഉറപ്പാക്കുന്നതിന് തീരുമാനം സഹായകരമാകും. ഭീകരതയ്ക്കെതിരായ പോരാട്ടത്തിലും, ഭീകരവാദ-അടിസ്ഥാന സൗകര്യങ്ങൾ തകർക്കുന്നതിലും ആഗോള സഹകരണത്തിന്റെ ആവശ്യകത ഇന്ത്യ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ടെന്നും ജയശങ്കർ പറഞ്ഞു. ഭീകരവാദത്തിനെതിരെ ഇന്ത്യയുടെയും അമേരിക്കയുടെയും സഹകരണം പ്രതിഫലിപ്പിക്കുന്ന ചുവടുവെപ്പാണ് TRF നെ ആഗോള ഭീകര സംഘടനയായി പ്രഖ്യാപിച്ച US നടപടിയെന്ന് ഡോ. ജയശങ്കർ വിലയിരുത്തി.

✪✪✪

CPIM പോളിറ്റ്ബ്യൂറോ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. അടുത്ത കേന്ദ്രകമ്മിറ്റിയോഗത്തിൽ അവതരിപ്പിക്കേണ്ട അവലോകന രേഖയ്ക്ക് യോഗം രൂപം നൽകും. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പ്, അടുത്ത വർഷത്തെ നിയമസഭാ തിരഞ്ഞെടുപ്പുകൾ, പാർലമെന്റ് സമ്മേളന വിഷയങ്ങൾ, ബിഹാറിലെ വോട്ടർപട്ടികാ പുനപരിശോധന തുടങ്ങിയ വിഷയങ്ങളും PB യോഗം ചർച്ച ചെയ്യും.

✪✪✪

സ്വയം പ്രഖ്യാപിത ആത്മീയ നേതാവ് ചങ്കൂർ ബാബയുടെ പ്രധാന കൂട്ടാളിയായ റാഷിദിനെ ഉത്തർപ്രദേശ് ഭീകരവിരുദ്ധ സ്ക്വാഡ് അറസ്റ്റ് ചെയ്തു. മതപരിവർത്തന റാക്കറ്റിലെ പങ്കിന്റെ പേരിലാണ് ബൽറാംപൂരിലെ ഉട്രൗള പ്രദേശത്തു നിന്ന് റാഷിദിനെ അറസ്റ്റ്ചെയ്തത്. ഇയാളെ പ്രാദേശിക കോടതിയിൽ ഹാജരാക്കി.

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിതീവ്ര മഴ സാധ്യത മുൻനിർത്തി ഇന്ന് വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ചുവപ്പ് ജാഗ്രത നൽകി. ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഓറഞ്ചും പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള-

കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

കാസർകോട് ജില്ലയിൽ പ്രധാന നദികളെല്ലാം കരകവിഞ്ഞ് ഒഴുകുകയാണ്. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. കണ്ണൂർ ജില്ലയിൽ രാവിലെ മുതൽ മഴ ശക്തമായി. മലയോരത്തും തീവ്ര മഴയാണ് പെയ്യുന്നത്.

✪✪✪

പാലക്കാട് പോത്തുണ്ടി ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ ഉച്ചയ്ക്ക് ഒരു മണിക്ക് തുറക്കുമെന്ന് മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഡാമിലെ ജലനിരപ്പ് പരമാവധിയിലെത്തയതിനെ തുടർന്നും, നീരൊഴുക്ക് വർദ്ധിക്കുന്നതിനാലുമാണ് ഷട്ടറുകൾ തുറക്കാൻ തീരുമാനിച്ചത്.

✪✪✪

ലാസ്‌വേഗാസിൽ ഫ്രീസ്റ്റൈൽ ഗ്രൻഡ്സ്‌ളാം ചെസ്സിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ അർജുൻ എറിഗേസി സെമിഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടർ ഫൈനലിൽ ഉസ്ബെക്കിസ്താന്റെ നോഡിർബക്ക് അബ്ദുസത്തോറിനെയാണ് എറിഗേസി തോൽപ്പിച്ചത്.

✪✪✪

കേരള വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ അവധിക്ക് ശേഷം സർവകലാശാലാ ആസ്ഥാനത്ത് എത്തി. 20 ദിവസങ്ങൾക്കു ശേഷമാണ് അദ്ദേഹം ഓഫീസിൽ എത്തുന്നത്. കനത്ത പൊലീസ് സുരക്ഷയിലാണ് വി സി സർവ്വകലാശാലാ ആസ്ഥാനത്ത് പ്രവേശിച്ചത്.

✪✪✪

കീം എൻട്രൻസിൽ അട്ടിമറി ആരോപണം ഉന്നയിച്ച് മന്ത്രി ഡോ. R ബിന്ദുവിനെതിരെ തിരുവനന്തപുരത്ത് ABVP കരിങ്കൊടി പ്രകടനം നടത്തി. റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ച പ്രവർത്തകരെ പൊലീസ് ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് നീക്കി.

✪✪✪

ഓൾ കേരള റീട്ടയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാ സമ്മേളനം മറ്റന്നാൾ ചേരുമെന്ന് ഭാരവാഹികൾ കണ്ണൂരിൽ അറിയിച്ചു. സംസ്ഥാന കമ്മിറ്റി പ്രസിഡന്റ് ജോണി നെല്ലൂർ ഉദ്ഘാടനം ചെയ്യും.

✪✪✪

ആകാശവാണിയിലും ദൂരദർശനിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്ന K.പ്രഭാകരമേനോൻ കോഴിക്കോട് ബിലാത്തി കുളത്തിന് സമീപം 'കൃഷ്ണ' യിൽ അന്തരിച്ചു. 95 വയസായിരുന്നു. ആകാശവാണി ഡൽഹി, മദ്രാസ്, കോഴിക്കോട്, കട്ടക്ക്, അന്തമാൻ നിക്കോബാർ നിലയങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഡൽഹി ദൂരദർശനിൽ നിന്ന് A.O ആയി 1988 ലാണ് റിട്ടയർ ചെയ്തത്.

✪✪✪

തൃശൂർ മനക്കൊടി പുള്ള് പാടത്തെ വെള്ളക്കെട്ടിൽ കുളിക്കാനിറങ്ങിയ എഞ്ചിനീയറിംഗ് വിദ്യാർത്ഥി മുങ്ങി മരിച്ചു. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയും പട്ടാമ്പി സ്വദേശിയുമായ ആശിഷാണ് മരിച്ചത്.

15 അംഗസംഘത്തോടൊപ്പം പാടശേഖരത്തിൽ കുളിക്കാൻ ഇറങ്ങിയപ്പോഴായിരുന്നു അപകടം.

✪✪✪

മാവൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ നിരവധി കടകളുടെ പൂട്ട് പൊളിച്ച് മോഷണം നടത്തിയ അസം സ്വദേശി ജിയാബുർ റഹ്മാൻ എന്നയാളെ മാവൂർ പൊലീസ് അരീക്കോട് നിന്ന് പിടികൂടി.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*